മിസ്റ്റർ പി. കെ. ഡീവർ: ഇൻഠർമീഡിയഠ് ക്ലാസ്സിൽ ആകെ എത്രകുട്ടികൾ ഉണ്ടോ

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇൻഠർമീഡിയഠ് ക്ലാസിലേയ്ക്ക് അപേക്ഷകന്മാരായി ര്ണ്ടു പേരുണ്ടായിരുന്നു. ആ ക്ലാസ്സിൽ എത്രപേരുണ്ട് എന്നു കൃത്യമായി പറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ പി. കെ. ഡീവർ: അവിടെ എത്രശതമാനം പെൺകുട്ടികൾക്ക് അഡ്മിഷൻ കൊടുത്തിട്ടുണ്ടെന്നു പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ ചോദ്യം ചോദിച്ചത് പെൺകുട്ടികളുടെകാര്യം പ്രത്യേകമറിവാനാണെന്ന് വിചാരിച്ചില്ല. അങ്ങിനെയുള്ള ഉദ്ദേശമുണ്ട് എന്നു അറിഞ്ഞിരുന്നെങ്കിൽ അത് പ്രത്യേകമായി പറയുമായിരുന്നു.

മിസിസ്സ് കെ. എം ആർ. മേനോൻ: ആണ്കുട്ടികളേക്കാൾ പെൺകുട്ടികളെ പുറത്തു പറഞ്ഞയച്ച് വിദ്യാഭ്യാസം ചെയ്യിക്കുന്നത് കൂടുതൽ പ്രയാസമാണ് എന്നുള്ളകാര്യം ഗവ ണ്മെണ്ട് മനസ്സിലാക്കീട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പുറത്ത് പറഞ്ഞയക്കേണ്ടകാര്യത്തെപ്പറ്റി ഇവിടെ ചോദിച്ചിട്ടില്ല. ഇൻഠർമീഡിയഠിനും, ബി. എ. യ്ക്കും, പുറത്തേയ്ക്ക് പോകാതെ ഈ രാജ്യത്തുതന്നെ പഠിയ്ക്കുവാനുള്ള സൌകര്യമുണ്ട്.

മിസിസ്സ് കെ. എം. ആർ. മേനോൻ: മാതാപിതാക്കന്മാർക്ക് അവരുടെ മക്കളെ പഠിപ്പിക്കണമെന്ന വിചാരമുണ്ടായിരിക്കും. അപ്പോൾ ഇവിടെ അഡ്മിഷൻ കിട്ടിയില്ലെങ്കിൽ അവർക്ക് പുറത്തേയ്ക്ക് പറഞ്ഞയക്കാതെ നിവർത്തിയുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇവിടെ ഒരു കാളേജിൽ കിട്ടിയില്ലെങ്കിൽ വേറൊരു കാളേജിൽ ശ്രമിയ്ക്കണം.

Mr. P. Kumaran Ezhuthassan (*Vadakkancheri*): So, Sir, about the girls, the Minister is not in a position to give any answer?

Mr. P. Govinda Menon *(Minister for Food and Education)*: About boys also.

Mr. P. Kumaran Ezhuthassan (*Vadakkancheri*): It is an all embracing problem, Sir, does not the Minister know it?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇൻഠർമീഡിയഠ് ക്ലാസ്സിലേക്കുള്ള ര്ണ്ടു അപേക്ഷകരെ സ്വീകരിയ്ക്കാൻ സാധിച്ചിട്ടില്ല. അതിൽ കൂടെ പെൺകുട്ടികളും ഉണ്ടായിരുന്നു. എത്ര ഉണ്ടായിരുന്നു എന്നു കൃത്യം പറയാൻ സാദ്ധ്യമല്ല.

APPOINTMENTS OF MIDWIVES IN THE ELAMKULAM PANCHAYAT

89. Mrs. T. Francis *(Ernakulam-Women)*: Will Government be pleased to state.—

whether there are any qualified Midwives appointed by the Panchayat in any of the villages comprised in the Ernakulam Panchayat?

Rao Bahadur T. K. Nayar *(Minister for Public Health)*:

There is a qualified midwife in Elamkulam Panchayat?

മിസിസ്സ് ടി. ഫ്രാൻസിസ്സ്: എളങ്കുളം പഞ്ചായത്തിലേക്ക് മുഴുവൻ കൂടിയാണോ അതോ, എളങ്കുളം വില്ലേജിലേക്ക മാത്രമായിട്ടാണോ കപാളിഫയിഡ് മിഡൈഫിനെ വെച്ചിട്ടുള്ളത്?

റാവുബഹദൂർ ടി. കെ. നായർ: എളങ്കുളം പഞ്ചായത്തിലേയ്ക്കാണ് ഒരു മിഡൈഫിനെ വെച്ചിരിക്കുന്നത്.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: എളങ്കുളം വില്ലേജിൽ കപാളിഫൈഡ് മിഡൈഫ് ഉണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: നിശ്ചയമില്ല.

മിസ്റ്റർ പി. കെ. ഡീവർ: എളങ്കുളം പഞ്ചായത്തിൽ എത്ര വില്ലേജുകൾ ഉണ്ട്?

റാവുബഹദൂർ ടി. കെ. നായർ: ഓരോ പഞ്ചായത്തിലേക്കും ഓരോ മിഡൈഫിനെ വീതം കൊടുക്കണമെന്നുള്ളതാണ് ഇപ്പോഴത്തെ ഉദ്ദേശം. അതനുസരിച്ച് എല്ലാ പഞ്ചായത്തുകളിലേക്കും തുടങ്ങീട്ടില്ല. അതിനുമുമ്പ് ഒരു പഞ്ചായത്തിൽ എത്ര വില്ലേജുകൾ ഉണ്ട്, ആ വില്ലേജുകളിലെല്ലാം മിഡൈഫ് ഉണ്ടോ എന്നൊക്കെ നോക്കാൻ പ്രയാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly